


# മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു

നിയമാ. 8:11 – 20; ഏശയ്യാ 33:13 – 24; ഫിലി. 2:1 – 11; മത്തായി 4:12 – 17 (Vol. 10, Issue 14)

ബ്ര. ജൂഡ് കോയിൽപ്പറമ്പിൽ, MCBS

വിശുദ്ധ കുരിശിന്റെ പുകഴ്ച്ചയുടെ തിരുനാൾ ആഘോഷിച്ച്, വിശുദ്ധ കുരിശിന്റെ മഹത്വം ഉയർത്തിക്കാട്ടുന്ന, സ്ലീവായുടെ ഒന്നാം ആഴ്ച്ചയിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുന്നു. ഈശോയുടെ തന്നെ പ്രതീകമായ വിശുദ്ധ കുരിശിനെ ഉയർത്തിപ്പിടിച്ചു കൊണ്ട് തിരുസഭ ലോകത്തോട് പ്രഘോഷിക്കുകയാണ്: "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനം വലിയ പ്രകാശം കണ്ടിരിക്കുന്നു."

മരുഭൂമിയിലെ പിശാചിന്റെ പരീക്ഷണത്തെ വിജയിച്ച്, ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നതിനെ കുറിച്ചാണ് സുവിശേഷകനായ മത്തായി ശ്ലീഹാ പങ്കുവയ്ക്കുന്നത്. "അവൻ നസ്രത്ത് വിട്ട് സെബുലൂണിന്റെയും നഫ്ത്താലിയുടെയും അതിർത്തിയിൽ സമുദ്രതീരത്തുള്ള കഫർണ്ണാമിൽ ചെന്നു പാർത്തു." പിതാവ് തന്നെ ഏൽപ്പിച്ച ദൗത്യം ആരംഭിക്കുന്നതിന് ഈശോ ആദ്യം ചെയ്യുന്നത്, താൻ വളർന്നു വന്ന സ്ഥലമായ നസ്രത്ത് വിടുക എന്ന ഭാരിച്ച പ്രവർത്തിയാണ്. തന്റെ സ്വദേശത്തോടും സ്വഭവനത്തോടും യാത്ര പറഞ്ഞ് സെബുലൂൺ - നഫ്ത്താലി പ്രദേശത്തുള്ള കഫർണ്ണാമിൽ അവൻ എത്തിനിൽക്കുമ്പോൾ മത്തായി ശ്ലീഹാ നമ്മെ ഓർമ്മിപ്പിക്കുന്നു: "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനം വലിയ പ്രകാശം കണ്ടു. മരണത്തിന്റെ നിഴലിലും താഴ്വരയിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു."

പഴയനിയമ ചിന്താഗതിയനുസരിച്ച് ദൈവകോപത്തിന് ആദ്യം ഇരയായവരാണ് സെബുലൂൺ - നഫ്ത്താലി പ്രദേശത്തെ ദേശക്കാർ. ദൈവം നൽകിയ കാനാൻ ദേശത്തു നിന്ന് ദൈവത്തോടുള്ള അനുസരണക്കേട് മൂലം ഇസ്രായേലിൽ നിന്ന് ആദ്യം ബാബിലോൺ സാമ്രാജ്യത്തിന്റെ അടിമത്വത്തിലേയ്ക്കു പോയവർ. ബാബിലോണിന്റെ അടിമത്വത്തിൽ നിന്ന് തിരിച്ചെത്തിയപ്പോഴും ദൈവസാന്നിധ്യത്തിൽ നിന്നകന്ന് അന്ധകാരത്തിൽ ജീവിച്ച ഈ മനുഷ്യരുടെ ഇടയിലേയ്ക്കാണ് പ്രകാശമായ ദൈവപുത്രനായ ഈശോ കടന്നുവന്നിരിക്കുന്നത്. മനുഷ്യന്റെ പാപാവസ്ഥയിലും അവനെ തേടിയെത്തുന്ന ദൈവസ്വഭാവത്തെ ഈശോ ഇവിടെ വ്യക്തമായി അവതരിപ്പിക്കുകയാണ്.

ഈ വചനവിചിന്തനം മുന്നോട്ടു പോകുമ്പോൾ സെബുലൂൺ - നഫ്ത്താലി പ്രദേശത്തുള്ള കഫർണ്ണാം എന്ന ചെറിയ പട്ടണത്തെക്കുറിച്ചും നാം ഒരൽപ്പം ചിന്തിക്കണം. വി. മത്തായിയുടെ സുവിശേഷമനുസരിച്ച് ഈശോ, തന്റെ ദൗത്യം ആരംഭിക്കുന്നത് ഈ കൊച്ചുപട്ടണത്തിലാണ്. അവിടെ വസിക്കുന്നവരോട് അവൻ പ്രസംഗിച്ചു: "മാനസാന്തരപ്പെടുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." ഈശോ തന്റെ പല അത്ഭുതങ്ങളും പ്രവർത്തിച്ചത് ഈ കഫർണ്ണാമിൽ വച്ചുതന്നെ. എങ്കിലും, പിന്നീടൊരിക്കൽ ഈ കഫർണ്ണാമിനെയോർത്ത് ഈശോ വിലപിക്കുന്നുണ്ട്. വി. മത്തായി തന്നെ ആ വാക്കുകൾ നമുക്ക് കൈമാറുന്നുണ്ട്. "കഫർണ്ണാമേ, നീ സ്വർഗ്ഗം വരെ ഉയർത്തപ്പെട്ടുവെന്നോ? പാതാളം വരെ നീ താഴ്ത്തപ്പെടും. നിന്നിൽ സംഭവിച്ച അത്ഭുതങ്ങൾ സോദോമിൽ സംഭവിച്ചിരുന്നുവെങ്കിൽ അത് ഇന്നും നിലനിൽക്കുമായിരുന്നു. ഞാൻ നിന്നോട് പറയുന്നു: വിധി ദിനത്തിൽ സോദോമിന്റെ സ്ഥിതി നിന്റേതിനേക്കാൾ സഹനീയ

മായിരിക്കും'' (മത്തായി 11:23-24). ഏതാണ് സോദോം നഗരം? സോദോമിന്റെ പാപവും അതിന്റെ നാശവും ഉൽപത്തി 19-ൽ നാം കാണുന്നുണ്ട്. തീർത്തും അധാർമ്മികമായ ജീവിതശൈലി മൂലം പൂർണ്ണമായും നശിച്ചുപോയ നഗരമായിരുന്നു സോദോം. ഈശോ കഫർണ്ണാമിലുള്ളവരെ ഓർമ്മിപ്പിക്കുകയാണ്. കഫർണ്ണാമേ, ദൈവപുത്രൻ പ്രകാശമായി പ്രത്യക്ഷപ്പെട്ടിട്ടും, ധാരാളം അത്ഭുതങ്ങൾ നിന്റെ മുമ്പാകെ ചെയ്തിട്ടും അനുതപിക്കാതെ സ്വയം കണ്ണടച്ച് ഇരുട്ടാക്കിയ നിങ്ങളുടെ സ്ഥിതി സോദോമിന്റേതിനേക്കാൾ മോശമായിരിക്കും എന്ന്. ഏറെ ദുഃഖത്തോടെ ആയിരിക്കും യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിൽ ഇപ്രകാരമൊരു വാക്യം എഴുതിച്ചേർത്തത്. ''പ്രകാശം ലോകത്തിലേയ്ക്ക് വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു.'' (യോഹ. 3:19).

പ്രിയമുള്ളവരേ, 2000 വർഷങ്ങൾക്കു മുമ്പ് മാത്രമല്ല ഈശോ പ്രകാശമായി നിലകൊണ്ടത്. കഫർണ്ണാമിൽ മാത്രമല്ല അവൻ ഒരു ദീപ്തിയായി ഉദയം ചെയ്തത്. മറിച്ച്, ഇന്നും ലോക്കത്തിന്റെ പല ഭാഗത്തും വിശുദ്ധ കുർബാനയിലൂടെയും കുമ്പസാരത്തിലൂടെയും മറ്റ് കൂദാശകളിലൂടെയും അവൻ പ്രകാശമായി കടന്നുവരുന്നുണ്ട്. ഞാൻ നടന്നുനീങ്ങുന്ന വഴികളിൽ പ്രകാശം വിതറാൻ കൂദാശകളിലൂടെ അവൻ കടന്നുവരുന്നു. അഹങ്കാരത്തോടെ കണ്ണടച്ച് ഇരുട്ടാക്കുന്നുണ്ടോ ഞാൻ എന്ന് സ്വയം വിചിന്തനം ചെയ്യണം. ഓർക്കാം, കഫർണ്ണാം എന്റെ മുമ്പിൽ അപകടകരമായ ഒരു സാധ്യതയാണ്. വിശുദ്ധ കുർബാനയർപ്പണം ആഴ്ച്ചയിലൊന്ന് മാത്രം നടത്തേണ്ട കടമനിർവ്വഹണമാണെന്ന് ഞാൻ ചിന്തിക്കുമ്പോൾ പ്രകാശത്തെ തിരസ്കരിച്ച കഫർണ്ണാമിന് തുല്യമായി എന്റെ ജീവിതം മാറ്റപ്പെടുകയല്ലേ? മതപഠന ക്ലാസുകളിൽ വരുന്ന കുട്ടികളിൽ ചിലരെങ്കിലും, ഞാൻ വിശുദ്ധ കുർബാനയിൽ വിശ്വസിക്കുന്നില്ല എന്നു പറയുന്ന ലോകത്തിലാണ് ഞാനും നിങ്ങളും ജീവിക്കുന്നത്. കുമ്പസാരത്തിന്റെ പ്രസക്തി എന്ത് എന്ന് ചോദിക്കുന്നവരോടൊപ്പമാണ് ഞാൻ സഹവസിക്കുന്നത്.

എവിടെയാണ് ക്രിസ്തുശിഷ്യന് പിഴച്ചത്? ഇന്നത്തെ ഒന്നാം വായനയിൽ പ്രവാചകനായ മോശ തന്റെ ജനത്തെ ഓർമ്മിപ്പിക്കുകയാണ്, നിങ്ങളുടെ വെള്ളിയും സ്വർണ്ണവും വർദ്ധിക്കുമ്പോൾ നിങ്ങൾ അഹങ്കരിച്ച് ദൈവമായ കർത്താവിനെ വിസ്മരിക്കാതിരിക്കാൻ ശ്രദ്ധിക്കണം എന്ന്. സാമ്പത്തിക അഭിവൃദ്ധിയും സാമൂഹിക സുരക്ഷിതത്വവും നേടിയപ്പോൾ ഞാൻ എന്റെ ദൈവത്തെ മറന്നുപോയോ? അഹങ്കാരം എന്റെയുള്ളിൽ കൂട് കൂട്ടിയിട്ടുണ്ടോ? കളിമൺ പാത്രമായ ഞാൻ, എനിക്ക് രൂപം നൽകിയ കുശവന് തുല്യമായിട്ടില്ല, ഇനി ആവുകയുമില്ല എന്ന ചിന്ത ഞാൻ എന്നിൽ രൂപപ്പെടുത്തണം.

ഓർക്കണം, ദൈവതിരുസന്നിധിയിൽ വിധേയത്വത്തിന്റെ മനോഭാവം സ്വീകരിച്ചാൽ മാത്രമേ പ്രകാശമായ ക്രിസ്തുവിനെ ദർശിക്കാൻ സാധിക്കുംവിധം എന്റെ കണ്ണുകൾ തുറക്കപ്പെടൂ. ഇന്നിന്റെ ലോകത്ത് ദൈവത്തിൽ എന്തിനു വിശ്വസിക്കണം എന്ന് പലരും ചോദിക്കും. നിനക്ക് ഇഷ്ടമുള്ളതു പോലെ ജീവിച്ചാൽ പോരേ എന്ന് പലരും അഭിപ്രായപ്പെടും. ഇവരുടെ മദ്ധ്യേ വേണം ദൈവതിരുമുമ്പിലുള്ള വിധേയത്വം ഞാൻ പരിശീലിക്കാൻ. ഇന്നത്തെ ലേഖനത്തിലൂടെ, ദൈവതിരുമുമ്പാകെ ഈശോയ്ക്കുണ്ടായിരുന്ന വിധേയത്വത്തെക്കുറിച്ച് വി. പൗലോസ് ശ്ലീഹാ നമ്മെ ഓർമ്മിപ്പിച്ചു. ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട കാര്യമായി പരിഗണിക്കാതെ, അവൻ മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന് കുരിശുമരണം വരെ അനുസരണമുള്ളവനായി തന്നെത്തന്നെ താഴ്ത്തി. പരിശുദ്ധ അമ്മയുടെ ജീവിതവും വിധേയത്വത്തിന് ശക്തമായ മാതൃകയാണ്. മംഗളവാർത്ത അറിഞ്ഞതിനു ശേഷം 'ഇതാ, കർത്താവിന്റെ ദാസി. നിന്റെ വാക്ക് എന്നിൽ ഭവിക്കട്ടെ' എന്ന വിധേയത്വത്തിന്റെ വാക്കുകളാണ് അമ്മ ഉരുവിട്ടത്. തന്റെ ജീവിതത്തിന്റെ വലിയ പ്രതിസന്ധിഘട്ടത്തിൽ പോലും അവൾ ദൈവത്തോട് പൂർണ്ണവിധേയത്വം പുലർത്തി. അതിനാൽ സകല തലമുറകളും അവളെ ഭാഗ്യവതി എന്ന് വിളിക്കുന്നു.

ദൈവത്തോടുള്ള വിധേയത്വം രൂപപ്പെടാൻ ആദ്യം ചെയ്യേണ്ടത് കടന്നുവന്ന വഴികളിൽ ദൈവം ചെയ്ത നിരവധിയായ അനുഗ്രഹങ്ങൾ എണ്ണിപ്പെറുക്കിയെടുത്ത് നന്ദി പറയാൻ പരിശീലിക്കണം. ഒരു മകൻ, തനിക്കു വേണ്ടി രാവന്തിയോളം കഷ്ടപ്പെടുന്ന മാതാപിതാക്കളുടെ നന്മ സ്വയം തിരിച്ചറിയുന്നില്ലെങ്കിൽ, ആത്മാർത്ഥമായ വിധേയത്വം, സ്നേഹം അവൻ കാണിക്കില്ല. ഇപ്രകാരം സ്വർഗ്ഗീയപിതാവ് വർഷിക്കുന്ന നന്മകൾ തിരിച്ചറിയുന്നില്ലെങ്കിൽ ഞാനും ദൈവത്തോട് വിധേയത്വം കാണിക്കില്ല. അതുകൊണ്ട് സ്വന്തം കുഞ്ഞിനെ കൈകളിൽ എടുത്തുകൊണ്ട് അമ്മ പറയണം, മോനേ/ മോളേ, നിന്നെ എനിക്ക് നൽകിയത് നമ്മുടെ ദൈവമാണ്. മൂന്നും നാലും നേരവും മക്കൾക്ക് ഭക്ഷണം നൽകുമ്പോൾ അപ്പനും അമ്മയും പറയണം. ദൈവമേ, നിനക്ക് നന്ദി. ജോലിയിൽ ഉന്നതി നേടുമ്പോഴും, പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുമ്പോഴും മാത്രമല്ല, എന്റെ ഓരോ ശ്വാസോച്ഛ്വാസത്തിനു പോലും ദൈവത്തോട് നന്ദി പറയാൻ ഞാൻ കടപ്പെട്ടവനാണ്. ഇപ്രകാരം നന്ദി പറഞ്ഞ് ദൈവതിരുമുമ്പാകെ വിധേയത്വത്തിന്റെ മനോഭാവം സ്വീകരിച്ചാൽ തീർച്ചയായും കൂദാശകളിലൂടെ പ്രകാശമായി കടന്നുവരുന്ന ഈശോയെ സ്വീകരിക്കാൻ എന്റെ ഉള്ളം തുറക്കപ്പെടും. അല്ലെങ്കിൽ കഫർണ്ണാം എന്റെ മുന്നിലെ അപകടകരമായ സാധ്യതയാണ്. ത്രീത്വൈക ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കും.